4

# യേശു സ്നാനം ഏറ്റു

*“ആ കാലത്തു യേശു ഗലീലയിലെ നസ്രേത്തിൽ നിന്നു വന്നു യോഹന്നാനാൽ യോർദ്ദാനിൽ സ്നാനം കഴിഞ്ഞു. വെള്ളത്തിൽ നിന്നു കയറി, ഉടനെ ആകാശം പിളരുന്നതും, ആത്മാവു പ്രാവു പോലെ; തന്റെ മേൽ വരുന്നതും കണ്ടു: ‘നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവുമുണ്ടാ യി’ ” (മർക്കൊസ് 1:9-11).*

യേശു ഏറ്റതായ സ്നാനം യോഹന്നാന്റേതായിരുന്നു (പ്രവൃത്തി 1:21, 22). യേശുതന്റെ അനുയായികൾ അവന്റെ സ്വർഗ്ഗാ രോഹണ ശേഷം അനുസരിക്കുവാൻ കൊടുത്ത സ്നാനവും ഇതും തമ്മിൽ തെറ്റിദ്ധരിക്കരുത്. രണ്ടാമത്തെസ്നാനം “യേശുവിന്റെ സ്നാ നം,” അഥവാ “പുതിയനിയമ സ്നാനം” എന്നാണ് അറിയപ്പെടുന്നത്.

**യേശുവിന്റെ സ്നാനത്തെ കുറിച്ചു ചിലർ എന്തു പറഞ്ഞു**

യോഹന്നാൻ യേശുവിൽ നടത്തിയ സ്നാനത്തെ കുറിച്ചു ഒരു മതസംഘടന ഇപ്രകാരം എഴുതി, “തനിക്കു ചെയ്യുവാൻ പിതാവു തന്ന വേലയ്ക്കായി തന്നെത്തന്നെ യഹോവയ്ക്കു ഏല്പിച്ചു കൊടുക്കുന്ന ആലങ്കാരിക പ്രസക്തിയാണിത്.”[1]

രണ്ടാമത്തെ കാഴ്ചപ്പാട് “നാം യേശു സ്നാനപ്പെട്ടതു പോലെ സ്നാനമേല്ക്കണം,” “ദൈവേഷ്ടം നിറവേറ്റുവാൻഅല്ലെങ്കിൽ ശരിയായതു ചെയ്യുവാനായിരുന്നു യേശുവിന്റെ സ്നാനം.”[2] ഈ സമീപനത്തിന്റെ കാഴ്ചപ്പാട് യേശുവിന്റെ ദൈവത്തോടുള്ള *അനു സരണം* ഒരാളെ സ്നാനപ്പെടുവാൻ പ്രേരിപ്പിക്കുന്നു. പിന്നീട് യോഹ ന്നാനാൽ യേശു ഏറ്റ സ്നാനം നമ്മുടേതിന്നു തുല്യമാണ്; ഇതിൽ നിന്നു താഴെ കൊടുത്തിരിക്കുന്ന അന്തിമ തീരുമാനത്തിൽ എത്തുന്നു:

> ഇതു പ്രാബല്യത്തിലിരിക്കുന്നെങ്കിൽ രക്ഷകൻ ഏതുദ്ദേശത്തോടെ സ്നാനമേറ്റുവോ അതേ രീതിയിൽ ഒരാൾ സ്നാനമേറ്റു എന്നു കാണിക്കാം. പാപമോചനത്തെകുറിച്ചു അയാൾ അജ്ഞനാണെങ്കിലും, അയാളുടെ സ്നാനം വചനാനുസരണമായി കണക്കാക്കണം.[3]

യേശുക്രിസ്തു ഏറ്റ സ്നാനം ഈ രീതിയിൽ എടുത്തു കൊണ്ടു ഉദ്ദേശം വ്യക്തമാക്കാതെയോ സ്നാനത്തിന്റെ ഉദ്ദേശം അറിയാതെ തള്ളുകയോ ചെയ്താൽ പോലും വാഗ്ദാനം ചെയ്ത ആനുകൂല്യം, ദൈവത്തെ അനുസരിക്കാൻ സ്നാനപ്പെടുന്നവർക്കു ലഭിക്കും എന്നവകാശപ്പെടുന്നു.

എന്നാൽ യേശു മനസിലാക്കാതെയല്ല സ്നാനമേറ്റത്. എല്ലാ കാര്യത്തിലും അവൻ നമ്മുടെ മാതൃകയാണെങ്കിൽ നാം സ്നാനപ്പെടുമ്പോൾ മനസിലാകാതിരിക്കയില്ല, യേശു സ്വീകരിച്ച സ്നാനത്തിന്റെ ഉദ്ദേശവും നമ്മുടെ സ്നാനത്തിന്റെ ഉദ്ദേശവും തമ്മിൽ വ്യത്യാസമുണ്ട്.

മൂന്നാമതൊരു കാഴ്ചപ്പാടുള്ളതു യേശു സ്നാനമേറ്റപ്പോൾ പാപമില്ലാതിരുന്നതുകൊണ്ട്, ഓരോരുത്തരും സ്നാനമേൽക്കുമ്പോൾ പാപരഹിതരായിരിക്കണം എന്നതാണ്. അങ്ങനെയാണെങ്കിൽ, സ്നാനം രക്ഷയ്ക്കു ആവശ്യമില്ലാതെ വരുന്നു. ഈ മനോഭാവമുള്ളവർ ചിന്തിക്കുന്നതു, രക്ഷിക്കപ്പെടുവാൻ സ്നാനമേൽക്കുന്നുവെങ്കിൽ അതു വിശ്വാസം മാത്രം മതി എന്ന ഉദേശത്തിന് എതിരാണ് എന്നത്രേ

യേശുവിന്റെ സ്നാനത്തെക്കുറിച്ചുള്ള ഈ മുന്നു സമീപ നങ്ങളും യേശു അനുസരിച്ച സ്നാനത്തെ വെറും ചടങ്ങായി മാറ്റുന്നു. ആദ്യത്തെ കാഴ്ച്ചപ്പാട് എടുത്തിരിക്കുന്നവർ, യേശുക്രിസ്തു എല്ലായ്പ്പോഴും ദൈവേഷ്ടം സ്വീകരിക്കയും അതിനായി വരികയും ചെയ്കയാൽ തന്നെത്തന്നെ ആലങ്കാരികമായി ദൈവസേവനത്തിനു അർപ്പിക്കേണ്ടതില്ലഎന്നവർ സമ്മതിക്കണം (യോഹന്നാൻ 6:38; എബ്രായർ 10:7), അവൻ ഭൂമിയിലേയ്ക്കുവന്നതു തന്നെ ദൈവേഷ്ടത്തിനു സമർപ്പിച്ചു കൊടുക്കുന്നതിന് ആയിരുന്നു. യോഹന്നാനാൽ യേശു സ്നാനം ഏറ്റതു മനുഷ്യർക്കു വേണ്ടിയുമായിരുന്നില്ല. കുറച്ചു പേർ അവന്റെ സ്നാനത്തിനു സാക്ഷ്യം വഹിക്കയുണ്ടായി. ഇതു മാത്രമാണ് അവന്റെ സ്നാനത്തിൽ അടങ്ങിയിരുന്നതെങ്കിൽ, അവന്റെ പ്രവൃത്തി വെറുമൊരു ചടങ്ങായിരുന്നു എന്നു വരും.

രണ്ടാമത്തെ കാഴ്ച്ചപ്പാടുള്ളവരോടു ചോദിക്കേണ്ട ചോദ്യമാണിത്: യേശു നഷ്ടപ്പെടുകയോ ക്ഷമിക്കപ്പെടുവാൻ അവനിൽ പാപമോ, ഇല്ലാതിരിക്കെ അവന്റെ സ്നാനം എങ്ങനെ നഷ്ടപ്പെട്ട പാപികൾക്കു മാതൃകയാകും? യേശുവിന്റെ സ്നാനം അനുസരണത്തിനു, നല്ല മാതൃകയാണെങ്കിലും പാപികളുടെ പാപമോചന മാതൃകയ്ക്കു നാം വേറേ

നോക്കണം (പ്രവൃത്തി 2:38–41; 22:16). അതിലധികമായി, പാപക്ഷമാപ ണത്തിൽ, സ്നാനത്തേക്കാൾ അധികം ഉൾപ്പെടുന്നു.

യേശുവിന്റെ സ്നാനം, ദൈവത്തിന്റെ സകല നീതിയും നിവർത്തി ക്കേണ്ടതിന്നായിരുന്നു അങ്ങനെ അവനു അനുസരണത്തിന്റെ രേഖ സൂക്ഷിക്കാൻ കഴിഞ്ഞു. മറിച്ച് പാപി സ്നാനപ്പെടുന്നതു പാപക്ഷമാ പണത്തിനും, തന്റെ അപൂർണ്ണ രേഖ തിരുത്തുന്നതിനും, ദൈവത്തോ ടുള്ള നല്ല ഒരു ബന്ധത്തിൽ പ്രവേശിക്കുന്നതിനുമാണ്.

യേശുവും യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ വന്നവരെല്ലാം ദൈവത്തെ അനുസരിക്കുവാൻ വന്നവരാണ്, എന്നാൽ തികച്ചും രണ്ടു വ്യത്യസ്ത ഉദ്ദേശങ്ങൾക്കായിരുന്നു. മാതാപിതാക്കളെ അനുസരിക്കു വാനായി എന്റെ സഹോദരൻ ക്ലെൻ വിറകു ശേഖരിക്കാൻ പോയി, അതു ഞങ്ങളുടെ അകന്ന സഹോദരന്റെ വാഹനത്തിൽ യാത്ര ചെയ്യു ന്നതിനായിരുന്നു. ഞാനും വിറകു ശേഖരിക്കുവാൻ പോയിട്ടുണ്ട് അതു മറ്റൊരു ഉദ്ദേശത്തിനായിരുന്നു. അത് അനുസരണ പ്രവൃത്തിയായിരു ന്നു, പക്ഷേ ഉദ്ദേശം രണ്ടും വ്യത്യസ്തമായിരുന്നു. എന്റെ സഹോ ദരൻ വിറകുശേഖരിച്ചതു മാതാപിതാക്കളെ അനുസരിക്കുന്ന മാതൃക യായി എനിക്ക് എടുക്കാം, പക്ഷേ ഞങ്ങളുടെ രണ്ടു പേരുടേയും ഉദ്ദേ ശങ്ങൾ മാതാപിതാക്കളെ അനുസരിക്കുന്നതിനുവേണ്ടി ആയിരുന്നു. യേശു അനുസരിച്ചത് അനുസരണ മാതൃകയായി എടുക്കാം, പക്ഷെ ഒരു പാപി അനുസരിക്കേണ്ട ഉദ്ദേശങ്ങൾക്കു അതു മാതൃകയാക്കാവുന്ന *തല്ല.*

മൂന്നാമത്തെ കാഴ്ച്ചപ്പാടും പുതിയനിയമ സ്നാനത്തെ ചടങ്ങാക്കി മാറ്റുന്നു. മനുഷ്യന്റെ രക്ഷക്കു ദൈവം സ്നാനം ആവശ്യ പ്പെടു ന്നില്ലെങ്കിൽ, അതിനു അന്തർലീനമായ ആത്മീയ വിലയില്ലെങ്കിൽ, ആ ആഘോഷം അർത്ഥശൂന്യമായി തീരുന്നു. വെള്ളത്തിലുള്ള ബാഹ്യ മായ ഒരു ചടങ്ങും അഭ്യാസവും എന്നതിനേക്കാൾ അധികമായി അനു സരിക്കുന്നതിൽ അധികം അർത്ഥം അതിനു ദൈവം കല്പിച്ചിട്ടുണ്ട്.

**യോഹന്നാന്റെ ശുശ്രൂഷയിൽ യേശുവിന്റെ സ്നാനം മനസിലാക്കി**

യേശു സ്വീകരിച്ച സ്നാനം, യോഹന്നാന്റെ ശുശ്രൂഷാസന്ദ ർഭ ത്തിൽ നിന്നു മനസിലാക്കണം. ഒരാൾ ഈ സന്ദർഭത്തിനു പുറത്തു നിന്നു അർത്ഥം കണ്ടെത്താൻ നോക്കിയാൽ അയാളുടെ പരിശ്രമം നിരാശയും, തെറ്റിലേക്കു നയിക്കുകയും, വ്യതിചലിക്കയും ചെയ്യും.

വരുവാനിരുന്ന മശിഹക്കു വേണ്ടി ആളുകളെ ഒരുക്കുക എന്ന ഉദ്ദേശമായിരുന്നു യോഹന്നാന്റെ ശുശ്രൂഷക്കുണ്ടായിരുന്നത് (യോഹന്നാൻ 1:6–8), ഇതു “യോഹന്നാൻ സ്നാനത്തെ” കുറിച്ചു ഉപ ദേശിച്ചു എന്ന പാഠത്തിൽ അവതരിപ്പിച്ചതാണ് (മത്തായി 3:1–3;

ലൂക്കോസ് 3:1–9; യോഹന്നാൻ 1:15–34). ഈ ഒരുക്കത്തിൽ അടങ്ങിയിരിക്കുന്നതു (1) പെട്ടെന്നു സ്ഥാപിക്കുവാനിരുന്ന രാജ്യത്തെകുറിച്ചു പ്രഖ്യാപിക്കൽ, (2) രാജാവായ, മശിഹയെ സ്വീകരിക്കേണ്ടതിന്നു ആളുകളെ ഒരുക്കൽ, (3) ആളുകളെ മാനസാന്തരത്തിന്നു ഉത്തേജിപ്പിക്കൽ, (4) പെട്ടെന്നു വെളിപ്പെടുവാനിരുന്ന മശിഹയിൽ വിശ്വസിക്കേണ്ടതിന്നു മാനസാന്തരപ്പെട്ടു എന്നു തെളിയിക്കേണ്ടതിന്നു ആളുകളെ സ്നാനത്തിൽ സമർപ്പിക്കൽ എന്നിവ.

### യേശുവിന്റെ സ്നാനത്തിന്റെ ഉദ്ദേശവും ലക്ഷ്യവും

ലക്ഷ്യവും ഉദ്ദേശവും വ്യത്യസ്തമാണ്. മകൻ കുളിച്ചു തല ചീകുവാൻ അവന്റെ പിതാവ് ആഗ്രഹിക്കുന്നു. *ഉദ്ദേശം* അയാളുടെ മകൻ നന്നായിരിക്കണം എന്നതാണ്, അയാളുടെ *ലക്ഷ്യം* ആ മകനെ സുന്ദരനാക്കി തീർത്തു ഒരു യുവതിയെ അവനു വിവാഹത്തിന്നു കണ്ടെത്തണം എന്നതായിരിക്കണം. ഇക്കാര്യത്തിൽ, ലക്ഷ്യവും ഉദ്ദേശവും *വ്യത്യസ്തമായിരുന്നു.*

പ്രത്യേകമായി എടുത്തു പറഞ്ഞിട്ടില്ലെങ്കിലും, യേശുവിന്റെ ദൈവത്തെ അനുസരിക്കുവാനുണ്ടായ ആഗ്രഹം സ്നാനപ്പെടുവാൻ ഒരാളെ പ്രചോദിപ്പിക്കും. യോഹന്നാന്റെ സ്നാനം ഏല്ക്കുവാൻ വന്ന മറ്റെല്ലാവരുടേയും ലക്ഷ്യം ദൈവത്തെ അനുസരിക്കുക എന്നതാകാം, എന്നാൽ അവരുടെ ഉദ്ദേശം എല്ലാം യേശുവിന്റേതുപോലെ ആയിരിക്കയില്ല. അവൻ *സകല* നീതിയും നിവർത്തിക്കേണ്ടതിനാണ് വന്നതു, എന്നാൽ മറ്റുള്ളവർ വന്നതു അവരുടെ പാപങ്ങളിൽ നിന്നു മോചനം ലഭിച്ചു നീതിമാന്മാരാകേണ്ടതിനാണ്. യേശുവും യോഹന്നാന്റെ ശിഷ്യന്മാരും ഒരേ ഉദ്ദേശത്തിന്നു വന്നു, എങ്കിൽ തീർച്ചയാക്കേണ്ടതു (1) യേശു പാപിയായിരുന്നതുകൊണ്ടു സ്നാനപ്പെടുവാൻ മാനസാന്തരപ്പെട്ടു, പാപങ്ങളെ ഏറ്റു പറഞ്ഞും, അനുസരിച്ചും പാപമോചനത്തിലൂടെ അവനു നീതിമാനാവാൻ കഴിയുന്നു (2) പാപത്തിന്റെ കുറ്റം ഒന്നുമില്ലാതെ ഒരാൾ സ്നാനമേല്ക്കാൻ വരണം, കാരണം യേശു സ്നാനമേറ്റപ്പോൾ അവനിൽ പാപം ഇല്ലായിരുന്നു. ആദ്യത്തേത് തിരുവെഴുത്തിനു എതിരാണ് (എബ്രായർ 4:15). കാരണം അതു യേശുവിനെ പാപിയാക്കുന്നു. രണ്ടാമത്തേതു എതിരാകുന്നതു തിരുവചനം പഠിപ്പിക്കുന്നതു സ്നാനം പാപമോചനത്തിനാണ് എന്നത്രേ (പ്രവൃത്തി 2:38; 22:16).

ആവശ്യപ്പെടുന്ന നീതി നിറവേറ്റേണ്ടതിനാണ് താൻ സ്നാമേല്ക്കേണ്ടതെന്നു യേശു പറഞ്ഞുവെങ്കിൽ, ഒരാൾക്കു അതേ കാരണത്താൽ സ്നാനം ഏല്ക്കുവാൻ കഴിയും എന്നു ഉറപ്പിക്കാം. എങ്ങനെയായാലും, *സകല* നീതിയും നിവർത്തിക്കേണ്ടതിനാണ് താൻ സ്നാനമേല്ക്കേണ്ടതെന്നു യേശു പറഞ്ഞിരുന്നു. അതേ കാരണത്താൽ

സ്നാനപ്പെടുന്ന മറ്റുള്ളവരെ ഒഴിവാക്കിയാണ് പറഞ്ഞത്, യോഹന്നാൻ പോലും പറഞ്ഞതു, അവൻ യേശുവിനാൽ സ്നാനമേല്ക്കേണ്ടതു എന്നാണ് (മത്തായി 3:14), അവൻ *സകല* നീതിയും നിവർത്തിക്കുവാനാണ് വന്നതു (റോമർ 3:10). യേശുവിന്നു ഒഴിവുകഴിവുണ്ടായിരുന്നു. അവനു *സകല* നീതിയും നിവർത്തിയാക്കേണ്ടതിന്നു സ്നാനപ്പെടുവാൻ കഴിഞ്ഞു.

സ്നാനത്തെ നിരസിക്കുന്നവർ സ്നാനത്തിലൂടെ യേശു ന ല്കിയ സാക്ഷ്യത്തെയും തള്ളിക്കളയുകയാണ്, അങ്ങനെ ദൈവം ആവശ്യപ്പെടുന്ന *നീതിയും* നിഷേധിക്കയാണ്. മാനുഷനീതിയുടെ പ്രവൃത്തിയല്ല സ്നാനം (തിത്തൊസ് 3:5), അതു ദരിദ്രരെ സഹായിക്കയും സൽപ്രവൃത്തികൾ ചെയ്യുന്നതുപോലെയുമാണ്. അതു ദൈവത്തിൽ നിന്നാണ്, സ്വർഗ്ഗത്തിൽ നിന്നാണ്; അതുകൊണ്ടു, ഒരാൾ ഇതിനു കീഴ്പ്പെടുമ്പോൾ, അതു ദൈവം ആവശ്യപ്പെടുന്ന നീതി നിറവേറ്റുകയാണ്. യേശു സ്നാനമേല്ക്കുവാനുള്ള ഒരു കാരണം ഇതാണ്, ദൈവത്തിന്റെ *സകല* നീതിയിൽ പെടുന്നതാണ് സ്നാനവും.

### യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നായിരുന്നു

യേശു യോഹന്നാനാൽ സ്നാനമേറ്റപ്പോൾ യോഹന്നാന്റെ സ് നാനം സ്വർഗ്ഗത്തിൽ നിന്നായിരുന്നു എന്ന് അവൻ മനസിലാക്കി, ദൈവമാണ് യോഹന്നാനെ സ്നാനപ്പെടുവാൻ അയച്ചത് (ലൂക്കോസ് 20:1-8), യേശു ക്രിസ്തു ചെയ്ത കാര്യങ്ങളെക്കുറിച്ച് അവന് എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു എന്ന മഹാപുരോഹിതന്മാരുടേയും, മൂപ്പന്മാരുടേയും ചോദ്യത്തിന് യേശു ഒരു മറുചോദ്യം ചോദിച്ചു, "യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ?" (ലൂക്കോസ് 20:4).

ചോദ്യത്തിൽ അടങ്ങിയിരിക്കുന്നത് വളരെ ലളിതമാണ്. യോഹന്നാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്ന് എന്ന് അവർ പറഞ്ഞാൽ അവർ യോഹന്നാന്റെ സ്നാനം ഏല്ക്കുകയും, യേശു തന്നെ മശിഹ എന്ന അവന്റെ സാക്ഷ്യം അവർ സ്വീകരിക്കയും വേണം. യോഹന്നാന്റെ സ്നാനം ഏല്ക്കുന്നതിൽ അവർ പരാജയപ്പെട്ടത് സൂചിപ്പിക്കുന്നത് അത് മനുഷ്യനിൽ നിന്ന് ആയിരുന്നു എന്നവർ വിചാരിച്ചു; അതുകൊണ്ട്, അവർ യേശുവിനെക്കുറിച്ചുള്ള സാക്ഷ്യം സ്വീകരിച്ചില്ല.

ഇവർ യോഹന്നാനാൽ സ്നാനം ഏല്ക്കാതിരുന്നതുകൊണ്ട് അവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ ആലോചന (രൂപപ്പെടുത്തിയ ഉദ്ദേശം) അവരുടെ പ്രമാണിമാർ തള്ളിക്കളഞ്ഞു. എന്നാൽ, സ്നാനം സ്വീകരിച്ചവർ "ദൈവത്തെ നീതീകരിച്ചു," അതായത്, ദൈവവഴി ശരിയാണെന്ന രീതിയിൽ അവർ സ്നാനമേറ്റു (ലൂക്കോസ് 7:30).

ഈ സന്ദർഭത്തിൽ, യേശു യോഹന്നാനാൽ സ്നാനമേല്ക്കാൻ

വന്നു. യോഹന്നാന്റെ സന്ദേശം വലുതായിരുന്നു എന്നു അവൻ അറിഞ്ഞിരുന്നു (മർക്കൊസ് 1:7) അത് തന്നെക്കുറിച്ചുള്ള സാക്ഷ്യമായിരുന്നു. യേശു സ്നാനപ്പെട്ടതിലൂടെ, യോഹന്നാന്റെ പ്രവൃത്തി അംഗീകരിക്ക മാത്രമല്ല അവന്റെ സാക്ഷ്യം കൂടെ വിലയുള്ളതാക്കി തീർത്തു. യേശു യോഹന്നാന്റെ സ്നാനം നിരസിച്ചിരുന്നു, എങ്കിൽ യോഹന്നാനെ ഒരു വഞ്ചകനായോ കാപട്യക്കാരനായോ സൂചിപ്പിച്ചേനെ. തന്റെ സ്നാനത്താൽ യേശു, യോഹന്നാൻ തന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയത് എ ല്ലാം ശരിയായിരുന്നു എന്ന് ഉറപ്പിക്കുന്നു (മത്തായി 3:3; യോഹന്നാൻ 1:23), യോഹന്നാന്റെ യേശു മശിഹ എന്ന സന്ദേശം സത്യമായിരുന്നു (യോഹന്നാൻ 1:15).

തന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നായിരുന്നു, എന്ന് യോഹ ന്നാൻ തിരിച്ചറിഞ്ഞിരുന്നു, ദൈവം തന്നെ സ്നാനപ്പെടുത്തുവാൻ അയച്ചുവെന്നും, സ്നാനത്തിലൂടെ മശിഹയെ അവന്നു വെളിപ്പെടുത്തികൊടുക്കുമെന്നും അറിഞ്ഞിരുന്നു (യോഹന്നാൻ 1:33, 34). യേശു സ്നാനമേറ്റ് യോഹന്നാൻ ദൈവത്തിന്റെ വാസ്തവത്തിലുള്ള പ്രവാചകനായിരുന്നു എന്ന് പ്രസ്താവന നടത്തുകമാത്രമല്ല, തന്റെ സ്നാനത്തിലൂടെ യോഹന്നാന് വെളിപ്പെടുത്തുവാൻ കൂടിയാണ് വന്നത്, അവൻ പിന്നീട് യേശു ദൈവത്തിന്റെ പുത്രനാണെന്ന് യിസ്രായേലിനോട് സാക്ഷ്യപ്പെടുത്തുകയും ചെയ്തു (യോഹന്നാൻ 1:31–33). യേശു സ്നാനപ്പെടുവാൻ വന്നത് പ്രാധാന്യമേറുവാൻ കാരണം അതാണ്.

യേശു സ്നാനമേറ്റത് യിസ്രായേലിന് തന്നെ വെളിപ്പെടുത്തുവാൻ ആയിരുന്നു (യോഹന്നാൻ 1:31), എന്നാൽ യേശു സ്നാനമേറ്റത് യിസ്രായേലിലെ കുറച്ചുപേർ കണ്ടു. പ്രാഥമികമായി അവന്റെ സ്നാനം കണ്ടത് യോഹന്നാൻ ആയിരുന്നു. ഇതു പ്രാധാന്യമുള്ളതായിരുന്നു, യേശു സ്നാനം ഏറ്റശേഷം, പരിശുദ്ധാത്മാവ് വന്നത് യോഹന്നാൻ കണ്ടു യേശു മശിഹ എന്ന ദൈവത്തിന്റെ സാക്ഷ്യം അവൻ അറിഞ്ഞു. യേശുവിന്റെ സ്നാനത്തിൽ ഉടനെയുള്ള പ്രതികരണം യോഹന്നാന് ദൈവത്തിന്റെ സാക്ഷ്യം കൊടുത്തതായിരുന്നു. യേശുവിൽ പരിശുദ്ധാത്മാവിനെ അയച്ചുകൊണ്ടായിരുന്നു അത്; തൽഫലമായി യേശു ദൈവത്തിന്റെ പുത്രനെന്ന് യിസ്രായേൽ ജനത്തോട് യോഹന്നാൻ സാക്ഷ്യപ്പെടുത്തി (യോഹന്നാൻ 1:32–34).

### ജലസ്നാനത്തിന്റെ പ്രാധാന്യം

യേശു തന്നെ ദൈവപുത്രനായ മശിഹ എന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്ന യോഹന്നാനാലുള്ള യേശുവിന്റെ ജലസ്നാനത്തിലുള്ള പ്രാധാന്യം ഊന്നി പറയുവാൻ ദൈവം ആഗ്രഹിച്ചിരിക്കണം (യോഹന്നാൻ 1:31–34), സ്നാനശേഷം ഒരു പ്രസ്താവനയും വരു

ന്നുണ്ട്. “ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (മത്തായി 3:17). യേശുവും, ജലസ്നാനത്തിന്റെ പ്രാധാന്യത്തെ ഊന്നി പറഞ്ഞിരിക്കണം, അവനിൽ പാപം ഇല്ലാതിരുന്നിട്ടും അവൻ സ്നാനമേറ്റു (എബ്രായർ 4:15) യോഹന്നാന്റെ സ്നാനത്തോടുകൂടി പാപമോചനം ആവശ്യമില്ലായിരുന്നു.

**യേശു, ഒഴിവുള്ളവൻ**

യേശു ഒഴിവുള്ളവൻ ആയിരുന്നു. യോഹന്നാന്റെ അടുക്കൽ സ്നാനത്തിനു വന്ന മറ്റെല്ലാവർക്കും പാപമോചനം ആവശ്യമായിരുന്നു; അവർക്കു ഏറ്റു പറയാൻ പാപമുണ്ടായിരുന്നു. സ്നാനപ്പെടുന്നതിനുമുൻപ് മാനസാന്തരപ്പെടുകയും വേണമായിരുന്നു (മത്തായി 3:7, 8). അവരുടെ ജീവിതത്തിൽ മാറ്റം വരുത്തുവാൻ നിർദ്ദേശിക്കപ്പെട്ടു (ലൂക്കോസ് 3:10–14) വരുവാനുള്ള മശിഹയിൽ അവർ വിശ്വസി ക്കയും വേണമായിരുന്നു (പ്രവൃത്തി 19:4). ഈ ഉദ്ദേശങ്ങൾ ഒന്നും തന്നെ, യോഹന്നാനാൽ സ്നാനം ഏറ്റ യേശുവിനെ ബാധിച്ചിരുന്നില്ല; എന്നാൽ മറ്റു പരിഗണനകൾ, ബന്ധപ്പെട്ടിരുന്നുതാനും (വരുവാനുള്ള രാജ്യവും മശിഹയും) അതിൽപെടുന്നു. അതുകൊണ്ടാണ് യേശു യോഹന്നാന്റെ സ്നാനം ഏറ്റത്.

ടൗണിലുള്ള എല്ലാ കാറുകളും ചൊവ്വാഴ്ച കഴുകണം എന്ന മേയറുടെ കല്പന വന്നതായി അദ്ദേഹത്തിന്റെ മകൻ അറിഞ്ഞു. അതുമായി യേശുവിന്റെ സ്നാനത്തെ താരതമ്യം ചെയ്യാം. തിങ്കളാഴ്ച വൈകുന്നേരം അദ്ദേഹത്തിന്റെ മകൻ ഒരു കാർ വാങ്ങി. അതിൽ അഴുക്കോ പൊടിയോ ഒന്നുമില്ല. ഒരു മേയർ എന്ന നിലയിൽ, അവൻ തന്റെ പിതാവിന്റെ നിയമത്തെ ആദരിച്ച് ആ പുതിയ കാർ അവൻ ചൊവ്വാഴ്ച കഴുകി, അതു കഴുകേണ്ട ആവശ്യമില്ലായിരുന്നിട്ടും, കഴുകി. അവൻ തന്റെ പിതാവിനോടു ആദരവ് കാണിക്കുക മാത്രമല്ല, പിതാവിന്റെ അധികാരത്തേയും നിയമത്തേയും ആദരിച്ചു, കാർ അവൻ കഴുകി എങ്കിലും, പ്രതികരണം മറ്റുള്ളവരുടേതിനു തുല്യമായിരുന്നു. പക്ഷേ ഉദ്ദേശം വേറെ ആയിരുന്നു. അവൻ വന്നു തന്റെ അപ്പനെ ബഹുമാനിച്ചു. മറ്റുള്ളവർ അവന്റെ അപ്പനെ ബഹുമാനിക്കമാത്രമല്ലായിരുന്നു ഉദ്ദേശ്യം. കാറിന്റെ അഴുക്കു പോകുക എന്നതു കൂടെ ആയിരുന്നു. അതുപോലെ, ദൈവത്തന്റെ പരിശുദ്ധനായ പുത്രൻ പിതാവിനെ ബഹുമാനിച്ചുകൊണ്ടു സ്നാനമേറ്റു യോഹന്നാന്റെ ദൗത്യത്തിനും പിതാവു യോഹന്നാനിൽ കൂടെ കല്പിച്ച സ്നാനത്തെ സ്ഥിരീകരിക്കുന്നതിനുമായിരുന്നു.

യേശുവിൽ പാപം ഒന്നും ഇല്ലായിരുന്നതിനാൽ, പാപമോചനത്തിനായി അവൻ മാനസാന്തരപ്പെടേണ്ട ആവശ്യവുമില്ലായിരുന്നു. മനുഷ്യർ രക്ഷിക്കപ്പെടേണ്ടതിന്നു ചെയ്യുന്നതുമായി യേശുവിന്റെ

സ്നാനത്തെ താരതമ്യം ചെയ്യാവുന്നതല്ല. അതു, ദൈവം പഠിപ്പിച്ചതായിരുന്നു (യോഹന്നാൻ 6:45), വിശ്വസിക്കുക (യോഹന്നാൻ 3:16), മാനസാന്തരപ്പെടുക (പ്രവൃത്തി 17:30), ഏറ്റു പറയുക (റോമർ 10:10), പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്യുക (മർക്കൊസ് 16:16; പ്രവൃത്തി 2:38; 22:16; 1 പത്രൊസ് 3:21). ഇവ പാപികളിൽ നിന്നു ആവശ്യപ്പെടുന്നതാണ്, നിരപരാധികളിൽ നിന്നല്ല, അതു ദൈവത്തിന്റെ നിരപരാധിയായ പുത്രനായാലും നിരപരാധിയായ മക്കളായാലും ശരി. നമ്മളിൽനിന്നു ആവശ്യപ്പെടുന്നതെല്ലാം യേശുവിന്റെ മാതൃകയിൽ ഉണ്ടെങ്കിൽ നാം മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും ചെയ്യേണ്ട ആവശ്യമില്ല. കാരണം യേശു അവയൊന്നും ചെയ്തിട്ടില്ല. നാം പാപികളാണ്, അതുകൊണ്ട് അവൻ ചെയ്യേണ്ട ആവശ്യമി*ല്ലാത്ത* കാര്യങ്ങൾ ചെയ്താൽ നമുക്കു പാപക്ഷമകിട്ടും, അവൻ ചെയ്തതിൽ നാം ചെയ്യേണ്ടതു ഉൾപ്പെടുന്നില്ലെങ്കിൽ പാപമോചനത്തിനു നാം അവനെ മാതൃകയാക്കാവുന്നതല്ല.

**ഉപസംഹാരം**

സ്നാനപ്പെട്ടതിനാൽ, മശിഹാത്വത്തെ യോഹന്നാനു വെളിപ്പെടുത്തി കൊടുക്കുകയും, യോഹന്നാൻ വാസ്തവത്തിലുള്ള ദൈവത്തിന്റെ പ്രവാചകനെന്നു വെളിപ്പെടുത്തുകയുമായിരുന്നു. ദൈവം ആവശ്യപ്പെടുന്ന എല്ലാ നീതിയും നിർവ്വഹിക്കുന്നതിലേക്കു നീങ്ങുന്നതിനായി യേശു ഈ ഒരു നീതി പ്രവൃത്തി അവൻ ചെയ്തു. ഒരു മനുഷ്യനും നേടാനാകാത്ത അത്ഭുതം തന്നെ. യേശു മാത്രമാണ് എല്ലാ നീതിയും നിറവേറ്റാൻ ഇഷ്ടപ്പെട്ടത്. മനുഷ്യൻ പാപിയായതുകൊണ്ട് നീതിയെ *ഇല്ലാതാക്കുന്നു.* അതുകൊണ്ടു നീതിമാനാകേണ്ടതിന്നു സ്നാനത്തോടു ബന്ധപ്പെടുത്തണം. യേശുവിന്റെ സ്നാനം അനുസരണത്തിന്റെ മാതൃകയാണ്. എന്നാൽ രക്ഷയോ പാപമോചനമോ ലഭിക്കുന്നതിനുള്ള മാതൃകയല്ല.

യോഹന്നാന്റെ സ്നാനത്തിൽ ഉൾപ്പെടുന്നതെല്ലാം യേശുവിനെ ബാധിക്കുന്നി*ല്ലെങ്കിലും*, യോഹന്നാന്റെ സ്നാത്തിലെ അനുസരണതത്വം യേശുവിനെ ബാധിച്ചിരുന്നു, അതുകൊണ്ടു, തന്നെ ബാധിക്കുന്ന കാര്യങ്ങളുടെ നിവർത്തിക്കായിരുന്നു യേശു സ്നാനമേറ്റത്. ഈ രീതിയിൽ, ദൈവം ആവശ്യപ്പെട്ട സകല നീതിയും നിർവ്വഹിപ്പാനുള്ള പരിശ്രമത്തിലേക്കു അവൻ നീങ്ങി.

---

കുറിപ്പുകൾ